**കഞ്ചാവുകൃഷി തടയാൻ ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് ആധുനിക സൗകര്യങ്ങൾ**

37 |3290| *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*

„ *രാജു എബ്രഹാം:*

„ *കെ. കെ. ജയചന്ദ്രൻ:*

„ *വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലയിൽ കഞ്ചാവുകൃഷി വ്യാപകമാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം വനമേഖലകളിലാണ് കഞ്ചാവുകൃഷി നടത്തുന്നതെന്നും അവ നശിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) കഞ്ചാവുകൃഷി ഫലപ്രദമായി തടയുന്നതിന് ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് ആധുനിക സംവിധാനങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) കോട്ടയം, ഒലവക്കോട് വനമേഖലകളിലുള്ള മൂന്നാർ, അട്ടപ്പാടി വന പ്രദേശങ്ങളിലാണ് വ്യാപകമായി കഞ്ചാവുകൃഷി കണ്ടെത്തിയിട്ടുള്ളത്. റാന്നി ഡിവിഷനിലെ ഗൂഡ്രിക്കൽ റെയിഞ്ചിലെ അരണമുടി, കാറ്റാടിക്കുന്ന്, ഉറാനി എന്നിവിടങ്ങളിലും തിരുവനന്തപുരം ഡിവിഷനിൽ പാലോട് റെയിഞ്ചിൽ കല്ലാർ സെക്ഷനിലെ സൂര്യകാന്തി, മാങ്കുളം ഡിവിഷനിൽ ചോലമല, കിളിക്കല്ല്, പാർവതിമുടി, വിരിപ്പാറ, ഈഞ്ചപ്പാറ, കോഴിയള, ഒറ്റക്കല്ല് എന്നീ ഭാഗങ്ങളിലും മൂന്നാർ റെയിഞ്ചിന്റെ കീഴിൽ ഉടുംപൻപാറ, ഇടമലക്കുടി, മീൻകുഞ്ഞിക്കുടി, ഗുണ്ടുമല, കടലാർകുട്ടി, പപ്പുക്കാട് എന്നീ സ്ഥലങ്ങളിലും ദേവികുളം റെയിഞ്ചിൽ മതികെട്ടാൻചോല, മറയൂർ റെയിഞ്ചിന്റെ കീഴിൽ ഇടിവരഷോല കടവരി, കമ്പക്കല്ല്, കുടക്കല്ല്റിസർവ്, പെരിയകുടി, മേലേക്കാവ് കുടി, നെല്ലിപട്ടിക്കുടി, വേങ്ങപ്പാറകുടി, വൽസപ്പെട്ടി, ഇസ്തലിമൊട്ട തുടങ്ങിയ സ്ഥലങ്ങളിലും കഞ്ചാവുകൃഷി കണ്ടെത്തി നശിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വനഭാഗങ്ങളിലെ കഞ്ചാവുകൃഷി കണ്ടെത്താൻ സംരക്ഷണ ജീവനക്കാർ ഉൾപ്പെട്ട പ്രത്യേകസംഘങ്ങൾ റോന്തുചുറ്റി കഞ്ചാവ് കൃഷി നശിപ്പിച്ചുവരുന്നുണ്ട്. ഇൻഫോർമർമാരുടെ സേവനം ഉപയോഗപ്പെടുത്തി ഉൾവനങ്ങളിലെ കഞ്ചാവുകൃഷിയെക്കുറിച്ച് രഹസ്യവിവരം ശേഖരിച്ച് അവ നശിപ്പിച്ച് വരുന്നു. സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ, ആദിവാസികൾ എന്നിവരുടെ സേവനവും ഇതിനായി ലഭ്യമാക്കുന്നു. ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കഞ്ചാവുകൃഷി കണ്ടെത്തി നശിപ്പിക്കുകയും കുറ്റവാളികളെ കണ്ടുപിടിച്ച് നിയമാനുസരണം ശിക്ഷാനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) ഹെലിക്കോപ്ടറിന്റെ സേവനം ലഭ്യമാക്കുന്ന കാര്യവും റിമോട്ട് സെൻസിംഗ് ടെക്നിക് നടപ്പിലാക്കുവാനും സാധിക്കുമോ എന്നതിനെക്കുറിച്ചും പരിശോധിച്ചുവരികയാണ്. കഞ്ചാവുകൃഷി നശിപ്പിക്കുന്നതിന് ജി.ഒ.(ആർ‌ടി.) 356/05/വനം തീയതി 24-6-2005 പ്രകാരം എല്ലാ ജില്ലകളിലും വനം, പോലീസ്, എക്സൈസ്, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥരടങ്ങിയ ജില്ലാ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, കടവരി, കമ്പക്കല്ല് ഭാഗത്ത് രണ്ട് ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. കഞ്ചാവ് കൂടുതൽ കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ ജീവനക്കാർക്കുവേണ്ട ആയുധങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

**തേനാമ്പാറ ലിഫ്ട് ഇറിഗേഷന്റെ രണ്ടാം ഘട്ടം പ്രവർത്തനം**

38 [3291] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേനാമ്പാറ ലിഫ്ട് ഇറിഗേഷന്റെ രണ്ടാം ഘട്ടം പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതിക്കുവേണ്ടി നിർമ്മിച്ചിരുന്ന കനാലുകളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്;

(സി) ഈ കനാലുകൾ നിർമ്മിക്കാൻ സ്ഥലം അക്വയർ ചെയ്തിരുന്നോ; ഇപ്രകാരം അക്വയർ ചെയ്ത സ്ഥലം ഇപ്പോൾ ആരെങ്കിലും കയ്യേറിയിട്ടുണ്ടോ; എങ്കിൽ ഈ സ്ഥലം ഒഴിപ്പിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഏത് കാലഘട്ടത്തിലാണ് കനാലുകളുടെ പ്രവൃത്തികൾ നടത്തിയത്; ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്നും പദ്ധതിയുടെ ആയക്കെട്ട് ഏരിയ എത്രയെന്നും വിശദമാക്കാമോ?

*ഉത്തരം*

(എ) തേനാമ്പാറ ലിഫ്ട് ഇറിഗേഷന്റെ രണ്ടാം ഘട്ടത്തിന്റെ എസ്റ്റിമേറ്റ് 2004 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പുതുക്കി തയ്യാറാക്കിവരുന്നു.

(ബി) ഈ പദ്ധതിക്കുവേണ്ടി നിർമ്മിച്ചിരുന്ന മെയിൻ കനാലിൽ 1780 മീറ്റർ വരെ ജലസേചന സൗകര്യം ലഭ്യമാണ്. രണ്ടാം ഘട്ടം പൂർത്തിയാകുന്നതോടൊപ്പം 5100 മീറ്റർവരെ ജലസേചന സൗകര്യം ലഭ്യമാക്കാവുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly